പ്രസിഡന്റിനെതിരെ ആത്മഹത്യാപ്രേരണ, തെളിവ് നശിപ്പിക്കൽ എന്നീ കുറ്റങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അജേഷിന്റെ മരണക്കുറിപ്പിലും ഈ പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ഇപ്പോൾ ഒളിവിലാണ്. നിയമത്തിന്റെ മുമ്പിൽ അദ്ദേഹം ചെയ്ത കുറ്റത്തിൽനിന്ന് ഒരിക്കലും രക്ഷപ്പെടാൻ അനുവദിക്കുകയില്ല. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(6) പ്രഭാകരന്റെ ദുരൂഹമരണം

ശ്രീ. കെ. രാധാകൃഷ്ണൻ : എന്റെ മണ്ഡലത്തിൽ കഴിഞ്ഞ 27-3-2005-ന് കൊണ്ടോഴി പഞ്ചായത്തിലെ മായന്നൂർ താലപ്പൊലി ഉത്സവത്തോടനുബന്ധിച്ചുണ്ടായ വാക്ക്തർക്കംമൂലം നിരപരാധിയായ പ്രഭാകരൻ എന്ന ചെറുപ്പക്കാരനെ ഒരു സംഘം ആർ. എസ്. എസ്. ഗുണ്ടകൾ കൊലപ്പെടുത്തുകയുണ്ടായി. യാതൊരു പ്രകോപനവുമില്ലാതെയാണ് ആ ചെറുപ്പക്കാരൻ കൊല്ലപ്പെട്ടത്. ഇന്നലെ ഞാൻ ആ ചെറുപ്പക്കാരന്റെ വീട്ടിൽ പോയിരുന്നു. ഭാര്യയും രണ്ടു കുട്ടികളുമുണ്ട്. മൂത്ത കുട്ടിക്ക് രണ്ടു വയസ്സും ഇളയ കുട്ടിക്ക് ഒരു വയസ്സുമാണ് പ്രായം. പ്രായമായ അച്ഛനും അമ്മയുമാണ് ഉള്ളത്. കുടുംബത്തിന്റെ ആശ്രയമായിരുന്നു. ചെറിയ കച്ചവടമൊക്കെ ചെയ്താണ് ജീവിച്ചിരുന്നത്. വലിയ കുഴപ്പമൊന്നുമില്ലാത്ത ചെറുപ്പക്കാരനായിരുന്നു. അദ്ദേഹത്തെയാണ് മിനിഞ്ഞാന്ന് കൊലചെയ്തത്. ആ സഹോദരന്റെ ബോഡി ഇതുവരെ പോസ്റ്റുമാർട്ടം ചെയ്ത് ബന്ധുക്കൾക്ക് ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. അതുപോലെതന്നെ ഗുണ്ടകളെ ഇതുവരെ അറസ്റ്റ് ചെയ്യാനോ അവരുടെ പേരിൽ നടപടി എടുക്കുവാനോ ഒന്നും ഇതുവരെ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഗുണ്ടകൾ കൊലവിളിയായിട്ടാണ് നടക്കുന്നത്. ഇതുവരെ ഗുണ്ടകളുടെ പേരിൽ നടപടി എടുക്കുവാനോ അവരെ അറസ്റ്റു ചെയ്യാനോ കഴിയാത്ത സ്ഥിതി വിശേഷമാണ് അവിടെ ഉണ്ടായിട്ടുള്ളത്. ആ പ്രദേശമാകെത്തന്നെ വലിയ സംഘർഷാവസ്ഥയാണ് നിലനില്ക്കുന്നത്. എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്, എത്രയും പെട്ടെന്ന് കൊലയാളികളെ അറസ്റ്റ് ചെയ്യാനും അതോടൊപ്പംതന്നെ വളരെ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന, ഞാൻ നേരത്തേ പറഞ്ഞതുപോലെ രണ്ടു വയസ്സും ഒരു വയസ്സുമായിട്ടുള്ള രണ്ടു കുട്ടികളുടെ പിതാവും കൂടിയാണ് കൊലചെയ്യപ്പെട്ടത്. ആ കുടുംബത്തെ മറ്റു പല രീതിയിലും സാമ്പത്തികമായിട്ടും സഹായിക്കുവാനും ഗവൺമെന്റ് സന്നദ്ധമാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗുണ്ടകൾ തൊട്ടപ്പുറത്തുള്ള ഒറ്റപ്പാലം പ്രദേശത്തെ ആളുകളാണ്. അവിടെ ഗുണ്ടകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. മായന്നൂർ-ഒറ്റപ്പാലം പാലം വഴിയിലൂടെ നടന്നുപോകാൻ പറ്റാത്ത സ്ഥിതിയാണ്. മിക്കവാറും ആറു മണി കഴിഞ്ഞാൽ അവിടെ ഗുണ്ടകളുടെ താവളമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരാഴ്ച മുമ്പ് ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രഭാകരന്റെ സഹോദരൻ ജയൻ എന്നുപറയുന്ന ആളിനെ ഗുണ്ടകൾ തടഞ്ഞു നിർത്തുകയും അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന പൈസയും മോതിരവും വാച്ചുമെല്ലാം തട്ടിപ്പറിക്കുകയും ജീവന് ഭീഷണിയായി നില്ക്കുകയും ചെയ്തിരുന്നു. ആ പ്രദേശമാകെത്തന്നെ സംഘർഷപൂരിതമായിക്കൊണ്ടിരിക്കുയാണ്. മായന്നൂർപുഴ കേന്ദ്രീകരിച്ച് ഗുണ്ടാസംഘം വളർന്നുവരുന്നതായാണ് അറിയാൻ കഴിഞ്ഞത്. അത് നിയന്ത്രിക്കാനും അതുപോലെ ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ടി. വി. ചന്ദ്രമോഹനും പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : സർ, നിരപരാധിയായ ഒരാളാണ് ഈ സംഭവത്തിൽ കൊലചെയ്യപ്പെട്ടത്. പ്രഭാകരൻ ഒരു വിധത്തിലും വഴക്കിനോ മറ്റു കാര്യങ്ങൾക്കോ ഒന്നും പോയതല്ല. അവിടെ തർക്കമുണ്ടായ സമയത്ത് അതിന് മദ്ധ്യസ്ഥം വഹിക്കുന്നതിന് പോയ നിരപരാധിയായ പ്രഭാകരൻ കൊല്ലപ്പെട്ട സംഭവം വളരെ നിർഭാഗ്യകരമാണ്. 3 പേരുടെ പേരിൽ കേസ് എടുത്ത് അവരെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വളരെ തെറ്റായിട്ടുള്ള ഒരു സാഹചര്യത്തിലാണ് ഇവിടെ ഈ അക്രമവും കൊലപാതകവും നടന്നിട്ടുള്ളത്. അക്രമവും കൊലപാതകവും നടത്തിയവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) തൃക്കരിപ്പൂരിലെ ഏകാംഗ ട്രഷറി സബ് ട്രഷറിയായി ഉയർത്താൻ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ തൃക്കരിപ്പൂരിലെ One-man Treasury (ഏകാംഗ ട്രഷറി) സബ് ട്രഷറിയായി ഉയർത്തുന്നതിന് ട്രഷറി വകുപ്പിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടിയിട്ടില്ല. ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി ഒഴിവാക്കിക്കൊണ്ട് ഉദ്യോഗസ്ഥ പുനർ വിന്യാസംവഴി ഈ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്നതിനാണ് നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. പതിനൊന്ന് പഞ്ചായത്തുകളുള്ള തൃക്കരിപ്പൂർ മണ്ഡലത്തിൽ ഒരു ട്രഷറി പോലും നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രത്യേക പരിഗണനയോടെ ഈ One-man Treasury (ഏകാംഗ ട്രഷറി) സബ് ട്രഷറിയായി ഉയർത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, തൃക്കരിപ്പൂർ ഉൾപ്പെട്ട കാസർഗോഡ് ജില്ല ചെറിയ ജില്ലയാണെങ്കിലും അവിടെ ഒരു ഡിസ്ട്രിക്ട് ട്രഷറിയും ആറ് സബ് ട്രഷറികളുമുണ്ട്. ഇതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly